ഉത്തരം

(എ) എറണാകുളം-മുളന്തുരുത്തി സെക്ഷൻ പൂർത്തീകരിച്ചു കഴിഞ്ഞു. കായംകുളം-മാവേലിക്കര സെക്ഷൻ കമ്മീഷൻ നടപടികൾ പൂർത്തീകരിച്ചുവരുന്നു. മാവേലിക്കര-ചെങ്ങന്നൂർ പാത ഇരട്ടിപ്പിക്കൽ നടപടി പുരോഗതിയിലാണ്.

(ബി) കോട്ടയം ജില്ലയിൽ മുളന്തുരുത്തി ചെങ്ങന്നൂർ പാത ഇരട്ടിപ്പിക്കലിന്റെ സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.

(സി) റവന്യൂ അധികാരികളും റെയിൽവേ ഉദ്യോഗസ്ഥരും തമ്മിലുള്ള ഏകോപനത്തിന്റെ അഭാവമാണ് ഇതിനുകാരണം.

(ഡി) ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിലെ റെയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി

269 (1997) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എത്ര റെയിൽവേ സ്റ്റേഷനുകളാണ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചത് ;

(ബി) ഇത് സംബന്ധിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രോജക്ടുകൾ അംഗീകരിച്ച് ടെണ്ടർ ചെയ്തതായി റെയിൽ മന്ത്രാലയം അറിയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-സി) ഇതുസംബന്ധിച്ച നടപടികൾ ആരംഭിച്ചതായി അറിവില്ല.

ആളൂർ റെയിൽവേ മേൽപ്പാലം പണി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ

270 (1998) ശ്രീ. എ. കെ. ചന്ദ്രൻ : നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ ആളൂർ റെയിൽവേ മേൽപ്പാലം പണി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(ബി) ബഡ്ജറ്റിൽ പരാമർശിച്ചിട്ടുള്ള പ്രസ്തുത പാലംപണി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly